ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ

12 (*492) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ്, യൂത്ത് കമ്മീഷൻ എന്നിവവഴി വിപുലമായ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സ്കൂൾ-കോളേജ് തലങ്ങളിൽ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും സഹകരിപ്പിച്ച് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവത്കരണ കലാജാഥ. ആയത് എല്ലാ ജില്ലകളിലും പരമാവധി കലാലയങ്ങളിലും പൊതുസ്ഥലങ്ങളിലുമാണ് നടത്തി വരുന്നത്. കൂടാതെ യുവജനക്ഷേമ ബോർഡ് കേരള സംസ്ഥാന യുവജന കമ്മീഷനുമായി ചേർന്ന് ക്ലീൻ ക്യാമ്പസ്-സേഫ് ക്യാമ്പസ് എന്ന ക്യാമ്പയിൻ 2014-15 സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന യുവജനകമ്മീഷന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യം മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, റാഗിംഗ് എന്നിവയ്ക്കെതിരെ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കോളേജുകൾ കേന്ദ്രീകരിച്ച് യുവാക്കളുടെ ഇടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ബോധവത്കരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പുവർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജനക്ലബ്ബുകൾ എന്നീ തലങ്ങളിൽകൂടി കൂടുതൽ ഫലപ്രദമായി നടത്തുന്നതാണ്.

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും സഹകരിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനകമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷെ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം

13 (*493) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കായികംയുവകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കായികംയുവകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) സാഹിത്യം, സാമൂഹിക പ്രവർത്തനം, സംരംഭകത്വം, കായികം, കല, മാധ്യമ പ്രവർത്തനം, കൃഷി എന്നീ 7 മേഖലകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക, അതുവഴി അവരെ കൂടുതൽ കർമ്മോത്സുകരാക്കുക എന്നീ ലക്ഷ്യങ്ങളാണ് സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരംകൊണ്ട് ലക്ഷ്യമാക്കുന്നത്. യുവജനങ്ങളിൽ വിവിധ മേഖലകളിൽ കഴിഞ്ഞ 2 വർഷത്തെ പ്രവൃത്തി പരിചയം കണക്കാക്കുകയും അവയിൽനിന്ന് ഏറ്റവും യോഗ്യരായ അപേക്ഷകർക്ക് അവാർഡ് നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly